മുഖക്കുറിപ്പ്

# സെക്കന്ററി വിദ്യാഭ്യാസം ലക്ഷ്യം നേടുന്നു?

**ഈ** വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ നമ്മുടെ കുട്ടികൾ റെക്കോർഡ് വിജയം കൊയ്തിരിക്കുന്നു. പരീക്ഷയെഴുതിയ 458763 വിദ്യാർഥികളിൽ 376886 പേരും ഉപരിപഠനത്തിനർഹരായി. 82.29 ആണ് വിജയശതമാനം. ഇതിനു മുമ്പ് 2004-ൽ ആയിരുന്നു എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും മികച്ച വിജയമുണ്ടായത്- 70.6 ശതമാനം. മോഡറേഷനോടെയായിരുന്നു ആ വിജയം. യഥാർഥ വിജയം 56.69 ശതമാനമായിരുന്നു. എസ്.എസ്.എൽ.സിക്കു മാത്രമല്ല പ്ലസ്ടു പരീക്ഷയിലും ഇക്കുറി ഏറ്റവും മികച്ച വിജയമാണുണ്ടായിരിക്കുന്നത്. പരീക്ഷയെഴുതിയ 333410 പേരിൽ 213786 പേരും ഉപരിപഠനത്തിനുള്ള യോഗ്യത തെളിയിച്ചു. വിജയശതമാനം 64.12. മുമ്പ് 1998-ലാണ് ഹയർ സെക്കന്ററിക്ക് ഏറ്റവും മികച്ച വിജയമുണ്ടായത്-61.15 ശതമാനം. സെക്കന്ററിതല വിദ്യാഭ്യാസ മേഖലയിൽ വൻ കുതിപ്പുതന്നെയാണ് കേരളം കാഴ്ചവെച്ചിരിക്കുന്നത്. പക്ഷേ, വി.എച്ച്.എസ്.ഇയുടെ പരീക്ഷാഫലം തിളക്കമാർന്നതല്ല. പരീക്ഷയെഴുതിയ 24159 പേരിൽ 12215 പേർക്കേ ജയിക്കാനായുള്ളൂ. വിജയശതമാനം 50.56. കഴിഞ്ഞ വർഷത്തെ 78.65 ശതമാനം വിജയവുമായി തട്ടിച്ചുനോക്കുമ്പോൾ ഇതൊരു വലിയ തിരിച്ചടിയായി കാണേണ്ടിയിരിക്കുന്നു.

അർപ്പണബോധത്തോടെ അധ്വാനിച്ച് പഠിച്ചും പഠിപ്പിച്ചും എസ്.എസ്.എൽ.സി പരീക്ഷയിൽ ചരിത്രവിജയത്തിനു കളമൊരുക്കിയ വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും അഭിനന്ദനമർഹിക്കുന്നു. പരിഷ്കരിച്ച അധ്യയന സമ്പ്രദായവും താരതമ്യേന സമര കോലാഹങ്ങളിൽനിന്ന് മുക്തമായ വിദ്യാലയാന്തരീക്ഷവും അൺ എയ്ഡഡ്-എയ്ഡഡ്-സർക്കാർ സ്കൂളുകൾക്കിടയിലുളവായ മത്സരവും ഈ വിജയത്തെ സഹായിച്ചിട്ടുണ്ട്. നൂറുശതമാനം വിജയം നേടിയ 340 ഹൈസ്കൂളുകളിൽ 22 എണ്ണം സർക്കാർ സ്കൂളുകളാണ്. നൂറു ശതമാനം വിജയം നേടിയ 28 ഹയർ സെക്കന്ററി സ്കൂളുകളിലുമുണ്ട് ഒരു ഗവൺമെന്റ് സ്കൂൾ.

സെക്കന്ററിതല പരീക്ഷകളിൽ പാസ്സായ കുട്ടികളുടെ തുടർ വിദ്യാഭ്യാസം കേരളം അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നമാണ്. വർഷങ്ങളായി തുടർ വിദ്യാഭ്യാസത്തിനു വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചുവരികയാണ് നിരവധി വിദ്യാർഥികൾ. ഉപരിപഠനത്തിന് യോഗ്യരെന്ന് സർക്കാർ സാക്ഷ്യപ്പെടുത്തുന്ന വിദ്യാർഥികൾക്ക് ഉപരിപഠന സൗകര്യമേർപ്പെടുത്തുക എന്ന ബാധ്യതയിൽനിന്ന് പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ് സർക്കാർ. സ്വാശ്രയ സ്ഥാപനങ്ങളും സർക്കാറും തമ്മിലുള്ള തീരാത്ത സംഘർഷം പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കുന്നു. പണമുള്ളവർക്കേ സ്വാശ്രയ സ്ഥാപനങ്ങളിൽ ചേർന്നും, അന്യ സംസ്ഥാനങ്ങളിൽ പോയും പഠിക്കാൻ കഴിയൂ. പണമില്ലാത്തവരുടെ മക്കൾ രാജ്യത്തെ തൊഴിലില്ലാപ്പടയെ പോഷിപ്പിക്കാൻ വിധിക്കപ്പെടുന്നു. നമ്മുടെ സാമ്പത്തിക-സാംസ്കാരിക മണ്ഡലങ്ങളിൽ ഗുരുതരമാണിതിന്റെ പ്രത്യാഘാതം.

സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുകയെന്നാൽ സാമാന്യ വിദ്യാഭ്യാസം നേടുകയാണ്. ജനസംഖ്യയിൽ ഭൂരിപക്ഷം സാമാന്യ വിദ്യാഭ്യാസം നേടിയ സമൂഹം സംസ്കാരസമ്പന്നമായ വികസ്വര സമൂഹമാണ്; ആയിരിക്കണം. സ്വയം കണ്ടെത്താനും സർഗശക്തികളെ സൃഷ്ടിപരമായി പ്രവർത്തിപ്പിക്കാനും ചുറ്റുപാടുകളോട് ആരോഗ്യകരമായി സംവദിക്കാനും കഴിവുള്ളവരുടെ സമൂഹമാണത്. എസ്.എസ്.എൽ.സി പരീക്ഷയിലെ 82.29 വിജയശതമാനം സൂചിപ്പിക്കുന്നത് നമ്മുടെ സെക്കന്ററി വിദ്യാഭ്യാസപദ്ധതി അക്കാദമികതലത്തിൽ ഏറക്കുറെ അതിന്റെ ലക്ഷ്യം നേടിയിരിക്കുന്നുവെന്നാണ്. എന്നാൽ പ്രായോഗികതലത്തിൽ ലക്ഷ്യം നേടിയോ എന്ന് തീരുമാനിക്കേണ്ടത് യുവജനങ്ങളുടെ പെരുമാറ്റരീതിയെയും ജീവിതസങ്കൽപങ്ങളെയും വിലയിരുത്തിക്കൊണ്ടാണ്.

വിദ്യാഭ്യാസത്തിൽ ഏറ്റം മുമ്പിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇതേ കേരളം തന്നെയാണ് ആത്മഹത്യയിലും മദ്യപാനത്തിലും സ്ത്രീപീഡനത്തിലും മറ്റു കുറ്റകൃത്യങ്ങളിലും മുന്നിൽനിൽക്കുന്നത്. വിദ്യാലയത്തിന്റെ പടി ചവിട്ടാത്തവരല്ല കള്ളക്കടത്ത്-മയക്കുമരുന്ന് മാഫിയകളായും കൊള്ളസംഘങ്ങളായും വാടകക്കൊലയാളികളായും പ്രവർത്തിക്കുന്നത്. ജനങ്ങളിൽ വിദ്യാഭ്യാസം വർധിക്കുംതോറും കുറ്റവാസനയും വർധിക്കുന്നുവെങ്കിൽ ആ വിദ്യാഭ്യാസരീതിക്ക് കാര്യമായ എന്തോ കുറവുണ്ട്. വിദ്യാഭ്യാസത്തിന്റെ അക്കാദമിക നിലവാരമുയർത്തുന്നതോടൊപ്പംതന്നെ അത് സാമൂഹികജീവിതത്തിൽ സാർഥകമാക്കുന്നതിനെക്കുറിച്ചും വിദ്യാഭ്യാസ അധികൃതർ ഉയർന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ ചിന്തകളിൽനിന്നും സ്വപ്നങ്ങളിൽനിന്നുമാണ് അവന്റെ വ്യക്തിത്വം ഉരുത്തിരിയുന്നത്. ഓരോ മനുഷ്യനും സ്വന്തം ഇഛകളുടെയും ഭാവനകളുടെയും താഴ്വാരങ്ങളിൽ അലയുകയാണ്. ബാഹ്യലോകവുമായുള്ള ഇടപാടുകളിൽ അവന് മാർഗദർശനം ലഭിക്കുന്നത് സ്വന്തം അന്തരാളത്തിൽനിന്നുതന്നെയാണ്. ഒരാൾ എന്തു ചിന്തിക്കുന്നുവോ, സാധാരണഗതിയിൽ അതുതന്നെയാണയാൾ പ്രവർത്തിക്കുന്നത്. ഭൗതികശാസ്ത്രത്തിന്റെയും ഗണിതശാസ്ത്രത്തിന്റെയും സമവാക്യങ്ങൾ ഹൃദിസ്ഥമാക്കുന്നതിലൂടെ മാത്രം ബാലമനസ്സുകൾ വികസിക്കുകയും അവരുടെ ചിന്താമണ്ഡലം സംസ്കൃതമാവുകയും ചെയ്യുകയില്ല. അതിന് ധാർമിക-സദാചാര മൂല്യങ്ങൾ കൂടി അഭ്യസിപ്പിക്കപ്പെടുകയും അനുശീലിപ്പിക്കപ്പെടുകയും വേണം. ബാലമനസ്സുകൾ ധാർമിക-സദാചാര പാഠങ്ങളാൽ അലങ്കൃതമായാൽ ദേവലോകസമാനമായ മാനവലോകം സമാഗതമാകുമെന്ന് ഏതോ ഭാരതീയചിന്തകൻ പറഞ്ഞതോർക്കുന്നു. ഇളംമനസ്സുകളിൽ മൂല്യവിചാരം നട്ടുവളർത്തേണ്ടത് മുഖ്യമായും കുടുംബങ്ങളാണ്. കുടുംബങ്ങൾക്കേ അതിന് കഴിയൂ. കുടുംബങ്ങളിൽനിന്ന് കുട്ടികൾക്ക് ലഭിക്കുന്ന സംസ്കാരപാഠങ്ങളെ ശക്തിപ്പെടുത്തി പ്രായോഗികജീവിതത്തെ സക്രിയമാക്കുക ഔപചാരിക വിദ്യാലയങ്ങളുടെ ദൗത്യമാണ്. കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ കുടുംബവും സ്കൂളും അവയുടെ ഉത്തരവാദിത്വത്തെ അർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കുന്നില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. ആധുനിക കുടുംബങ്ങൾ കുട്ടികൾക്ക് നൽകുന്നത് ഭോഗാസക്തിയാണ്. സ്കൂളുകൾ കേവല ഭൗതികമായ അറിവുകളും. പുറംലോകവും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ഇതുതന്നെയാണ് ചെയ്യുന്നത്. ഭൗതികമാത്രമായ മൂല്യങ്ങളിലും ഭോഗാസക്തിയിലും ഊട്ടപ്പെട്ട വ്യക്തിത്വങ്ങൾ പെരുകിവരുന്നതിങ്ങനെയാണ്. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ അക്കാദമിക നിലവാരമുയർത്തുന്നതിൽ വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും ഒത്തൊരുമിച്ചു നടത്തിയ പ്രവർത്തനം വിജയം കണ്ടുവല്ലോ. അതുപോലെ വിദ്യാർഥികളുടെ സാംസ്കാരിക നിലവാരമുയർത്തുന്നതിലും ഒരു സംയുക്ത പ്രവർത്തനപദ്ധതി ആസൂത്രണം ചെയ്യണം. നമ്മുടെ വരുംതലമുറ കൂടുതൽ സംസ്കാര സമ്പന്നമായ കരുത്തുറ്റ വ്യക്തിത്വങ്ങളായി വളർന്നുവരാൻ തീർച്ചയായും അത് സഹായിക്കും. ■